**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**15 JUNE 2018 (30 RAMADAN 1439 AH)**

# "SOME ADVICES FOR THE FASTERS".
# വ്രതാനുഷ്ഠാനക്കാർക്ക് ചില ഉപദേശങ്ങൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്,സൂറ:അൽഫാതിഹ ഓതിയ ശേഷം **വ്രതാനുഷ്ഠാനക്കാർക്ക് ചില ഉപദേശങ്ങൾ** എന്നവിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

റമദാൻ മാസത്തിലെ അവസാനത്തെ ഈ വെള്ളിയാഴ്ച ഞാൻ നിങ്ങൾക്കെല്ലാം പേർക്കും ചില ഉപദേശങ്ങൾ നല്കുകയാണ്. നിങ്ങൾ ഇത് പിന്തുടർന്നാൽ ഈ റമദാൻ ദിനങ്ങൾ നിങ്ങൾക്ക് നഷ്ടമാവില്ല. ഈ അനുഗ്രഹീത മാസത്തിൽ നിങ്ങൾ വളർത്തി എടുത്ത നല്ല സ്വഭാവം ശക്തമായി എന്നെന്നും നിലനില്ക്കുന്നതാണ്. ആദ്യമായി ജുംആ നമസ്ക്കാരാനന്തരം രണ്ട് റക്കഅത്ത് നഫ്ൽ നമസ്ക്കാരം നിർവ്വഹിക്കുക. ഒന്നാമത്തെ റക്ക അത്തിൽ സൂറ: അൽഫാത്തിഹായ്ക്ക് ശേഷം സൂറ:അൽ ഇഖ്ലാസ് 10 പ്രാവശ്യം ഓതുക. രണ്ടാമത്തെ റക്കഅത്തിൽ സൂറ:അൽഫാത്തിഹായ്ക്ക് ശേഷം സൂറ:അൽകാഫിറൂന മൂന്ന് പ്രാവശ്യം ഓതുക. നമസ്ക്കാരാനന്തരം നബി (സ) യുടെ മേൽ സ്വലാത്ത് 10 പ്രാവശ്യം ചൊല്ലുക.

പ്രവാചകൻ (സ) പറഞ്ഞു. വ്രതാനുഷ്ഠാനക്കാരന്റെ പ്രാർത്ഥന ഒരിക്കലും തിരസ്ക്കരിക്കപ്പെടില്ല. ഇതിന്റെ കാരണം വ്രതാനുഷ്ഠാനക്കാ

രന്റെ ഹൃദയം പശ്ചാത്താപത്തിന്റെ അവസ്ഥയിലായിരിക്കും. അക്കാരണത്താൽ അല്ലാഹുവിന്റെ സാമീപ്യത്തിലായിരിക്കും അവനെ അവൻ അനുസരിക്കുന്ന അവസ്ഥയിലുമായിരിക്കും. അല്ലാഹുവിനെ ഭയന്നുകൊണ്ടാണ് അവൻ അന്നപാനീയങ്ങൾ ഉപേക്ഷിച്ചത്. അവന്റെ രാജാവാണവൻ, അവന്റെ സംരക്ഷകനാണവൻ, അവന്റെ പരമാധികാരിയാണവൻ. ആകാശഭൂമികളുടെ രക്ഷിതാവായവനെ അനുസരിച്ചിട്ടുകൊണ്ടാണ് അവന്റെ ഇച്ഛകൾക്ക് അവൻ വിലങ്ങിട്ടത്.

റസൂൽ(സ) പറഞ്ഞിട്ടുണ്ട് പ്രാർത്ഥന ആരാധനയാകുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യം തേടുന്ന അല്ലാഹുവിന്റെ ഒരു ദാസനെ നിങ്ങൾ കാണുകയാണെങ്കിൽ, അവൻ അധികമധികമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതായി കണ്ടാൽ, സുജൂദിലൂടെ ദീർഘമായി പ്രാർത്ഥിക്കുന്നതായി കണ്ടാൽ, നിങ്ങൾ മനസ്സിലാക്കുക, അവൻ അല്ലാഹുമായി കൂടുതൽ അടുത്തിരിക്കുന്നു. അവൻ അല്ലാഹുവിൽ സർവ്വതും ഭരമേല്പിച്ചിരിക്കുന്നു. നബികരീം (സ) യുടെ അനുചരന്മാർ ഒരിക്കൽ ചോദിക്കുകയുണ്ടായി, അല്ലയോ ദൈവദൂതരെ! നമ്മുടെ രക്ഷിതാവ് നമ്മുടെ സമീപത്തല്ലേ? അങ്ങനെ എങ്കിൽ നമുക്കവനോട് രഹസ്യസംഭാഷണം നടത്താമല്ലോ? അതോ അവൻ വിദൂരത്താണോ? അങ്ങനെ എങ്കിൽ നാം അവനെ ഉച്ചത്തിൽ വിളിച്ചു പ്രാർത്ഥിക്കാമല്ലോ? അതിനെതുടർന്ന് അല്ലാഹു(ത) ഈ വചനം വെളിപാടായി ഇറക്കി. എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്ന പക്ഷം, പറയുക നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കും 2:187.

മാത്രമല്ല, ദൈവദൂതൻ(സ) പറഞ്ഞു. തീർച്ചയായും പൊട്ടനായ ഒരുവനെ വിളിക്കുന്നതുപോലെ നിങ്ങൾ അവനെ വിളിക്കരുത്. അല്ലെങ്കിൽ സ്ഥലത്തില്ലാത്ത ഒരുവനെ വിളിക്കുന്നതുപോലെ വിളിക്കരുത്. എന്നാൽ അവൻ തീർച്ചയായും എല്ലാം കേൾക്കുന്നവനാണ്. അവൻ എല്ലാം കാണുന്നവനാണ്. അവൻ നിങ്ങളോടൊപ്പമുണ്ട്, നിങ്ങൾ ആരെയാണോ വിളിച്ചു

പ്രാർത്ഥിക്കുന്നത് അവൻ നിങ്ങളുടെ വളരെ സമീപത്തുണ്ട്, നിങ്ങളുടെ ഒട്ടകത്തിന്റെ കഴുത്തിനേക്കാൾ സമീപത്ത്, അല്ലാഹു(ത) നമ്മോട് ആവശ്യപ്പെടുന്നത് അവനോട് ചോദിക്കുവാനാണ്, അവനോട് പ്രാർത്ഥിക്കുവാനാണ്. അല്ലാഹു (ത) വിശുദ്ധഖുർആനിൽ പറയുന്നു. വിനയത്തോടും രഹസ്യമായും നിങ്ങളുടെ നാഥനെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുക. 7:56 മറ്റൊരു വചനത്തിൽ അല്ലാഹു (ത) പറയുന്നു. നിങ്ങളുടെ നാഥൻ പറയുന്നു നിങ്ങൾ എന്നോട് പ്രാർത്ഥിക്കുക ഞാൻ നിങ്ങൾക്ക് ഉത്തരം നല്കും 40:61

ആയതിനാൽ വേദനയോടെ, പശ്ചാത്താപത്തോടെ, ദുഃഖത്തോടെയാണ് ഈ അനുഗ്രഹീത റമദാൻ മാസത്തെ അവസാനദിനത്തെ നാം നോക്കികാണുന്നത്. എന്നാൽ നാം അല്ലാഹുവിന് നന്ദിരേഖപ്പെടുത്തേണ്ടതായിട്ടുണ്ട്, ഈ വർഷത്തെ റമദാൻ മാസത്തിൽ നമുക്ക് ജീവിക്കുവാൻ സാധിച്ചു. അതിനു സാക്ഷ്യം വഹിക്കുവാൻ കഴിഞ്ഞു. അതിനുള്ള ഭാഗ്യം നമുക്ക് ലഭിച്ചു. മറ്റുള്ളവർക്ക് ഈ ഭാഗ്യം ലഭിക്കാതെ അവർ നമ്മിൽ നിന്നും വിട്ടുപിരിഞ്ഞു പോയി എന്ന വസ്തുതയെകുറിച്ച് നാം ചിന്തിക്കേണ്ടതാണ്. അവർ ഈ അനുഗ്രഹീത റമദാൻ കഴിയുന്നതിനു മുൻപ് നമ്മെ വിട്ടുപോയി, അതുപോലെ ഈ അനുഗ്രഹീത മാസത്തിന്റെ ആദ്യത്തിൽ ഉണ്ടായിരുന്നവരും എന്നാൽ ഇതിന്റെ അന്ത്യം കാണാതെ മടങ്ങിയവരും നമ്മിലുണ്ട് എന്നതും ചിന്തിക്കേണ്ടതു തന്നെ!

റമദാൻ മാസത്തിലെ ഈ അവസാനത്തെ വെള്ളിയാഴ്ചയിൽ, നാം പ്രതീക്ഷ നഷ്ടപ്പെട്ടവരാകരുത്. നമ്മുടെ നിയന്ത്രണത്തിനു വിധേയമല്ലാത്ത കാര്യങ്ങളെ കുറിച്ച് നാം ചിന്തിച്ച് നാം വൃഥാസമയം നഷ്ടപ്പെടുത്തരുത്. അത്തരം കാര്യങ്ങൾ പ്രാധാന്യമർഹിക്കുന്നതല്ല. റമദാൻ അവസാനിച്ചിരിക്കുന്നു എന്ന സന്തോഷത്തിൽ നാം ആശ്വാസം കണ്ടെത്തരുത്. ഇത് നമ്മെ നമ്മുടെ കഴിഞ്ഞകാലങ്ങളിലെ പാപങ്ങളിലേക്ക് മടക്കിക്കൊണ്ടു പോകുന്നതാണ്. കാര്യം ഇങ്ങനെ ആണെങ്കിൽ റമദാൻ മാസം നമ്മുടെ ജീവിതത്തിൽ എന്തുമാറ്റമാണ് കൊണ്ടു വന്നത്? റമദാൻ പോകുന്നു. മറ്റൊരു റമദാൻ

വരുന്നു. പ്രസ്തുത മാസത്തിൽ മാത്രം നാം ആരാധനയുമായി സ്വയം അടുത്തു നില്ക്കുന്നു. അതായത് വ്രതമനുഷ്ഠിക്കൽ, സക്കാത്ത് നല്കൽ, പള്ളികൾ സന്ദർശിക്കുക തുടങ്ങിയവ, എന്നാൽ റമദാന് ശേഷം എല്ലാം പഴയതിലേക്ക് മടങ്ങിപോകുന്നു. പഴയ മോശപ്രവർത്തിയിലേക്ക്, പാപത്തിലേക്ക്, കഴിഞ്ഞ 11 മാസങ്ങളിൽ ചെയ്ത തെറ്റായ പ്രവർത്തിയിലേക്ക്! മറ്റൊര വാക്കിൽ പറഞ്ഞാൽ, റമദാനെ സ്വീകരിച്ച് ഏറ്റവും വലിയ ഭാഗ്യഹീനന്മാർ! താത്ക്കാലികമായി അവർ അവരുടെ ജീവിത്തതിന് മാറ്റം വരുത്തി. അല്ലെങ്കിൽ നന്നായി പെരുമാറി. എന്നാൽ റമദാന് ശേഷം അവർ അവരുടെ പഴയ അവസ്ഥയിലേക്ക്, സ്വഭാവങ്ങളിലേക്ക് മടങ്ങിപോയി, എല്ലാ രീതിയിലുള്ള തിന്മകളുമായി! എല്ല നല്ല കാര്യങ്ങളിൽ നിന്നും അവർ വിട പറഞ്ഞു. ശാരീരികമായും, ധാർമ്മികമായും, ആത്മീയമായും അവർക്കുണ്ടായ പരിഷ്ക്കരണങ്ങളോട് അവർ വിടചൊല്ലി.

പഴയ മോശമായ അവസ്ഥയിലേക്ക് മടങ്ങിപോയവർ, അവർ യഥാർത്ഥത്തിൽ ഈ അനുഗ്രഹീത മാസത്തിന്റ വില മനസ്സിലാക്കിയിട്ടില്ലാത്തവരാണ്. അവർ അവരുടെ ആത്മീയ പരിശീലനത്തിൽ പാരജിതരായവരാണ്. ഈ അനുഗ്രഹീത മാസത്തിൽ അവർക്ക് അല്ലാഹു കനിഞ്ഞ് നല്കിയതായിരുന്നു. അവർക്ക് നല്കിയ ഈ സ്വർഗ്ഗീയ അവസരം, അവർ പരാമവധി പ്രയോജനപ്പെടുത്തേണ്ടതായിരുന്നു. അല്ലാഹുവിന്റെ സത്തയിലേക്ക് എന്നത്തേക്കും എത്തിപ്പിടിക്കുവാൻ ഈ മാസത്തെ പ്രയോജനപ്പെടുത്തേണ്ടതായിരുന്നു. റമദാൻ മാസത്തിൽ മാത്രമായി ഒതുക്കേണ്ടതായിരുന്നില്ല എന്നവർ തിരിച്ചറിയുന്നില്ല. റമദാനെ ഒരുവൻ തന്റെ ശരിയായ ആത്മീയ പരിശീലനകാലമായി കണക്കാക്കിയാൽ, അതിൽ അവൻ വിജയിച്ചാൽ, അവൻ ആർജ്ജിച്ച നല്ലശീലങ്ങൾ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ, അത്തരം ആരാധനയും, ദൈവസ്മരണയും തുടരുമ്പോൾ പ്രസ്തുതവ്യക്തി അവന്റെ രക്ഷയുടെ വാതിൽ അവനുവേണ്ടി അവൻ തുറക്കുകയാണ്, അവന്റെ അവശേഷിച്ച ജീവിതത്തിനായി, ഇത് സാധ്യമാകുന്നത്, ആ ദിവസങ്ങളെ അവനു വേണ്ടി, അവൻ പരിവർത്തന വിധേയ

മാക്കുമ്പോഴാണ്, ആത്മീയ നിധികുംഭങ്ങൾക്കായി! ഏതൊരുവൻ സ്വയം അല്ലാഹുമായി ചേർന്നു നില്ക്കുന്നവോ, അപ്പോൾ അല്ലാഹു അവനോട് ചേർന്നു നില്ക്കും, അങ്ങനെ അവൻ അവന്റെ ദുആയെ എത്തിപ്പിടിക്കുന്നു.

അവൻ സമീപസ്ഥനാണ് എന്ന് അല്ലാഹു പറയുമ്പോൾ, അവനോടുള്ള അവന്റെ വിളിക്ക് അവൻ ഉത്തരം നല്കുന്നവനാണ് എന്നു പറയുമ്പോൾ, അതുകൊണ്ടർത്ഥമാക്കുന്നത്, അവനെ അന്വേഷിക്കുന്നവർക്ക്, അവൻ എപ്പോഴും അവിടെതന്നെയുണ്ട്, അവനുമായുള്ള അവരുടെ സാമീപ്യം സംരക്ഷിക്കപ്പെടുന്നതാണ്. അവനിൽ നിന്നും അകന്നുകഴിയുന്നവരിൽ നിന്നും അവൻ വളരെ വിദൂരത്താകുമോ, അത്രത്തോളം അല്ലാഹു അടുത്തതായി നിങ്ങൾ കണ്ടെത്തുന്നതാണ്. എന്നാൽ നിങ്ങൾ അല്ലാഹുവിനെ അവഗണിച്ചാൽ, അവനെ സ്മരിക്കുന്നതിൽ നിന്നും അവനെ ആരാധിക്കുന്നതിൽ നിന്നും നിങ്ങൾ വിമുഖരായാൽ, അല്ലാഹു നിങ്ങളിൽ നിന്നും വളരെ വിദൂരത്തിലാണെന്നറിയും, അവൻ വളരെ സമീപത്താണ് എന്ന വസ്തുത നിലനില്ക്കുന്നുവെങ്കിലും! അവൻ നിങ്ങളെ നോക്കിക്കൊണ്ടിരിക്കുകയാണ്, നിങ്ങൾ മറച്ചുവെയ്ക്കുന്ന ഓരോ രഹസ്യവും അവൻ അറിയുന്നു. ഹൃദയത്തിലും, ആത്മാവിലും!

ആയതിനാൽ നിങ്ങൾ അല്ലാഹുവിനോട് ചേർന്ന് നില്ക്കുക, പ്രാർത്ഥനയിലൂടെ! (ഫർസ്, സുന്നത്ത്, നഫ്ൽ) ദിവസവും ഖുർആൻ പാരായണം ചെയ്യുക, ദൈവസ്മരണയിലൂടെ, പ്രാർത്ഥനകളിലൂടെ, കാരുണ്യപ്രവർത്തിയിലൂടെ! ആത്മീയ സ്നാത്തിൽ നാമെല്ലാവരും ആറാടണം. അതിലാണ് ആത്മീയതയുടെ സത്ത!അങ്ങനെ ആയാൽ നമ്മുടെ തിന്മകൾ, പാപങ്ങൾ, അതായത് അസൂയ, കാർക്കശ്യം, ദൂഷണം, വ്യർത്ഥതർക്കങ്ങൾ, വ്യർത്ഥ ചർച്ചകൾ തുടങ്ങിയവ ഉപ്പ് അലിയുന്നതുപോലെ അലിഞ്ഞു പോകുന്നതാണ്.

അല്ലയോ വ്രതാനുഷ്ഠാനക്കാരെ, ഈ പരിശുദ്ധമാസത്തിൽ നിങ്ങൾ

ചെയ്യാവുന്ന എല്ലാ ത്യാഗങ്ങളും ചെയ്തു. നിങ്ങൾ വിശപ്പും, ദാഹവും സഹിച്ചു. നിങ്ങളുടെ മേൽ നിങ്ങളുടെ രക്ഷിതാവ് ഏർപ്പെടുത്തിയ എല്ലാ താത്ക്കാലിക നിരോധിത കാര്യങ്ങളിൽ നിന്നും ആ പരിശുദ്ധമാസത്തിൽ നിങ്ങൾ അകന്നു നിന്നു. അൽഹംദുലില്ലാഹ്. ഈ പരിശുദ്ധ മാസത്തിന് ശേഷം, നിങ്ങൾ ഈ പരിശുദ്ധമാസത്തിൽ കാത്തു സൂക്ഷിച്ച ഒരു നല്ല മൂല്യവും നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കേണ്ടതാണ്. അല്ലാഹുവിന്റെ മുമ്പിൽ നിങ്ങളുടെ ഇബാദത്ത് തുടരുന്നതിലൂടെയും, ദിക്ർ തുടരുന്നതിലൂടെയും, നിങ്ങളുടെ നല്ല പ്രവർത്തനങ്ങൾ തുടരുന്നതിലൂടെയുമാണ് നിങ്ങൾക്ക് അല്ലാഹുവിനെ തുടർന്നും തൃപ്തിപ്പെടുത്തുവാൻ കഴിയുന്നത്. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നതുപോലെ, അങ്ങനെ, അദ്ദേഹത്തിന് നാം ഉത്തരം നല്കി, യഹ്‌യായെ (പുത്രനായി) നാം അദ്ദേഹത്തിന് പ്രദാനം ചെയ്തു (അതിനു വേണ്ടി) അദ്ദേഹത്തിന്റെ ഭാര്യയെ നാം അദ്ദേഹത്തിന് പാകപ്പെടുത്തിക്കൊടുത്തു. തീർച്ചയായും ഇവരെല്ലാവരും സൽക്കാര്യങ്ങളിൽ വേഗത്തിൽ മുന്നോട്ടു വരുന്നവരായിരുന്നു. പ്രത്യാശയോടും, ഭയത്തോടും കൂടി നമ്മെ വിളിച്ചു പ്രാർത്ഥിക്കുന്നവരുമായിരുന്നു. നമ്മോട് ഭക്തിയുള്ളവരുമായിരുന്നു 21:91

റമദാൻ മാസത്തിന് ശേഷം നാമൊരു വ്രതാനുഷ്ഠാനക്കാരനെ പോലെ നിലകൊള്ളേണ്ടതാണ്. വ്രതമനുഷ്ഠിച്ചുകൊണ്ടോ, വ്രതമനുഷ്ഠിക്കാതെയോ (സുന്നത്തായ വ്രതങ്ങൾ) നിങ്ങളുടെ നന്മയായ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കണം. ഇബാദത്തും തുടർന്നുകൊണ്ടിരിക്കണം, പരിശുദ്ധറമദാൻ മാസത്തിൽ ചെയ്തതുപോലെ! ദുആയുടെ ഗുണഫലങ്ങൾ നാമറിയണം. ഹൃദയത്തിന്റെ അർത്ഥനകളും, അല്ലാഹുവിന്റെ ഔദാര്യങ്ങളിലും മഹത്വത്തിലും നാം നമ്മെ ഏല്പിച്ചുകൊടുക്കുക. ഗുണപരമായ കാര്യങ്ങളിൽപെട്ടതാണ്. അല്ലാഹുവിന്റെ ഒരു ഭക്തദാസൻ, അല്ലാഹുവിനെ എപ്പോഴും, പുകഴ്ത്തിയും മഹത്വപ്പെടുത്തിയും കഴിഞ്ഞുകൂടേണ്ടതാണ്. അതുപോലെ നബികരീം (സ) യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. ദുആ സ്വീകരിക്കുന്ന സമയങ്ങളെകുറിച്ച് നാം ബോധവാന്മാരായിരിക്കണം.

നാം മറ്റുള്ളവരെ ശപിക്കരുത് (അല്ലാഹുവിന്റെ ദൂതന്മാർക്ക് പ്രത്യേകമായ നിർദ്ദേശം നല്കി, അല്ലാഹു, ശാപപ്രാർത്ഥന നടത്തുവാൻ അനുവാദം നല്കാതെ) മുബാഹല പോലുള്ള കാര്യങ്ങൾ രണ്ടു കൂട്ടരുടെയും പ്രാർത്ഥന, അല്ലാഹുവിന്റെ ശത്രുക്കൾക്കെതിരിലുള്ള ശാപപ്രാർത്ഥന നടത്താവുന്നതാണ്. എന്നാൽ സാധാരണ ജീവിതത്തിൽ, ദൈവീകമായ കല്പന ലഭിക്കാതെ, നാം നമ്മുടെ സഹസഹോദരന്മാരുടെ മേൽ ശാപപ്രാർതഥന നടത്തരുത്, അവൻ നമ്മുടെ ശത്രു ആണെങ്കിൽ പോലും, നാം നമ്മുടെ രക്തബന്ധം മുറിക്കുകയുമരുത്! സൗഹൃദബന്ധങ്ങൾ പൊട്ടിച്ചെറിയരുത്.

അങ്ങനെ, അല്ലാഹുവിന്റെ സഹായത്താൽ നാം ആവശ്യമായ പരിശ്രമങ്ങൾ നടത്തി നാം നല്ല മനുഷ്യരായി തീരേണ്ടതാണ്. നമുക്ക് തന്നെ നാം നല്ലതുചെയ്യേണ്ടതുമാണ്. എന്ത് അന്വേഷിക്കുന്നുവെങ്കിലും അത് അല്ലാഹുവിൽ നിന്നുമാത്രമാകട്ടെ! കാരണം അവൻ മാത്രമാണ് സ്വയം നിലനിലക്കുന്നത്. നാം ദരിദ്രന്മാരാണ്; അവൻ മാത്രമാണ് ധനവായിട്ടുള്ളവൻ. നാം ദുർബലരാണ് അവൻ മാത്രമാണ് എന്നെന്നും ശക്തിമാനായവൻ. നാം ഒരിക്കൾ മരണത്തെ രുചിച്ചറിയുന്നതാണ്, എന്നാൽ അല്ലാഹു മരണമില്ലാത്തവനാണ്; എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്.

ഹസ്രത് ഇബ്റാഹീം(അ) ഇപ്രകാരം അല്ലാഹുവിനോട് പ്രാർത്ഥിക്കുകയുണ്ടായി. എന്റെ നാഥാ! നീ എന്നെ നമസ്ക്കാരം നല്ലപോലെ നിർവ്വഹിക്കുന്നവനാക്കേണമെ! എന്റെ സന്തതികളിൽ നിന്നുള്ള എല്ലാ ഓരോരുത്തരെയും നമസ്ക്കാരം നല്ലപോല നിർവ്വഹിക്കുന്നവരാക്കേണമെ! ഞങ്ങളുടെ നാഥാ എന്റെ പ്രാർത്ഥന സ്വീകരിച്ചാലും. ഞങ്ങളുടെ നാഥാ! എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും വിചാരണ നിലവിൽ വരുന്ന നാളിൽ പൊറുത്തുതരേണമെ! (14: 41, 42)

ഹസ്രത് മൂസാ(അ) ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു എന്റെ നാഥാ! നീ എനിക്ക് എന്റെ ഹൃദയത്തെ വികസിപ്പിച്ച് തരേണമെ! എന്റെ ബാധ്യതകൾ നിറവേറ്റുന്നതിന് എന്റെ കാര്യം നീ എളുഷമാക്കി തരേണമെ. എന്റെ നാവിൽ നിന്ന് നീ കെട്ടഴിച്ചു തരേണമെ! അവർ

എന്റെ വാക്ക് എളുപ്പം മനസ്സിലാക്കുന്നതിനുവേണ്ടി. എന്റെ കുടുംബത്തിൽ നിന്ന് എനിക്ക് ഒരു സഹായിയെ നിശ്ചയിച്ചുതരേണമെ അതായത് എന്റെ സഹോദരൻ ഹാറൂനെ. അദ്ദേഹം മുഖേന എന്റെ ശക്തിയെ ബലപ്പെടുത്തി തരേണമെ! എന്റെ കാര്യത്തിൽ അദ്ദേഹത്തെ കൂട്ടുകാരനാക്കേണമെ. ഞങ്ങൾ നിന്റെ പരിശുദ്ധിയെ അധികമായി വാഴ്ത്തുന്നതിനും നിന്നെ അധികമായി സ്മരിക്കുന്നതിനും വേണ്ടി നിശ്ചയമായും നീ ഞങ്ങളെ നല്ലവണ്ണം അറിയുന്നവനാകുന്നു (20:26-36)

ഹസ്രത് സുലൈമാൻ നബി(സ) തന്റെ രക്ഷിതാവിനോട് ഇപ്രകാരം പ്രാർത്ഥിച്ചു. അദ്ദേഹം പറഞ്ഞു എന്റെ നാഥാ! എനിക്ക് പൊറുത്തുതരികയും എനിക്കുശേഷം മറ്റൊരാൾക്കും (അനന്തരാവകാശമായി) ഭൂഷണമാകാത്ത ഒരാത്മീയാധിപത്യം നീ എനിക്കു നല്കുകയും ചെയ്യേണമെ. നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്(38-36)

## ദുആ കൊണ്ട് നാല് നേട്ടങ്ങളുണ്ട്

1. അല്ലാഹുവിനെ ഇബാദത്ത് ചെയ്യുന്നതിലൂടെ, അവനോട് കാണിക്കുന്ന വിനയത്തിലൂടെ, അവനിൽ ഭരമേല്പിക്കുന്നതിലൂടെയുമാണ് ജീവിതത്തിലെ ഏററവും വലിയ കാര്യവും ഫലങ്ങളും കുടികൊള്ളുന്നതെന്ന ബോധ്യപ്പെടലാണ് ഒന്നാമത്തെ നേട്ടം.
2. നല്ല പ്രവർത്തികൾ ചെയ്യുകയും തിന്മയായതിനെ തടയുകയും ചെയ്യുന്നതിലൂടെയാണ് നാം നടത്തുന്ന അർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നത് എന്ന തിരിച്ചറിവാണ് രണ്ടാമത്തേത്. ഇത് ചെയ്യുവാനുള്ള കഴിവ് നമുക്ക് പ്രദാനം ചെയ്യുവാൻ അല്ലാഹു അല്ലാത്ത മറ്റൊരു ശക്തിക്കും കഴിയുകയില്ല.
3. നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കുമുള്ള പ്രതിഫലങ്ങൾ അല്ലാഹുവിങ്കൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അത് ഈ ഭൂമിയിൽവെച്ച് തന്നെ

പൂർത്തിയാക്കിക്കൊള്ളണമെന്നില്ല. എന്നാൽ ഓർക്കുക ഇതിനേക്കാൾ ഉത്തമമായ മറ്റൊരു ലോകത്ത് വെച്ച് നമുക്ക നല്കുവാനായി അവൻ ആ പ്രതിഫലങ്ങൾ ഒതുക്കിവെച്ചിരിക്കുകയാണ്. അത് അനന്തമായ ഒരു ജീവിതം തന്നെ. തീർച്ചയായും ഇത് നമുക്ക് ഏറ്റവും നല്ലതു തന്നെ. ഇതിലൂടെ വളരെ നല്ല പ്രതിഫലങ്ങൾ നമുക്ക് വിജയിച്ചെടുക്കുവാൻ സാധിക്കും.

4. അല്ലാഹുവിനോട് ചെയ്യുന്ന ദുആ അല്ലാഹുവിന്റെ മഹത്വത്തിലുള്ള നമ്മുടെ വിശ്വാസത്തെ പ്രകടിപ്പിക്കുന്നതാണ്. വിശ്വസിച്ച് ഭരമേല്പിക്കുവാൻ പറ്റിയവൻ അവൻ തന്നെയാണ് എന്ന ദൃഢവിശ്വാസത്തെ ദ്യോതിപ്പിക്കുന്നു. അല്ലാഹു അല്ലാത്തതിനെ ആശ്രയിക്കുന്നതിൽ നിന്നും ഇത് നമ്മെ തടയുന്നു. മറ്റാളുകളിൽ നിന്ന് ആനുകൂല്യങ്ങൾ നേടുന്നതിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുന്നു. നമ്മുടെ അർത്ഥനകൾ നാം അല്ലാഹുവിന്റെ മുമ്പിൽമാത്രം വെയ്ക്കുന്നു. ഇതുതന്നെയാണ് ഏറ്റവും നല്ല കാര്യം.

**താഴെപറയുന്ന ദുആയോട ഞാൻ ഈ പ്രസംഗം അവസാനിപ്പിക്കുന്നു.**

അല്ലാഹുവേ! നീ ഞങ്ങൾക്ക് ഇഹലോകത്തും, പരലോകത്തും നല്ലത് പ്രദാനം ചെയ്യേണമെ! നാരകീയ ശിക്ഷയിൽ നിന്ന് നീ ഞങ്ങളെ കാത്തുരക്ഷിക്കേണമെ! അല്ലാഹുവേ നീ ഞങ്ങൾക്ക് നേർവഴി കാട്ടിയശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം നീ ഔദാര്യമായി നല്കേണമെ! നിശ്ചയം നീ ഔദാര്യപൂർവ്വം നല്കുന്നവൻ തന്നെയാണ് ആമീൻ, സുമ്മആമീൻ. യാറബ്ബൽ ആലമീൻ

Translated & Issued By :
R. Jamaludin Raother
Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in